പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :3634

15.03. 2018 ൽ മറുപടിക്ക്

# ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷനിലെ അംഗങ്ങളെ നിയമിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

ചോദ്യം

ശ്രീ.വി.ആർ.സുനിൽ കുമാർ

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷനിൽ (കെ.എസ്.ഇ.ആർ.സി.) ചെയർമാൻ ഉൾപ്പെടെയുള്ള അംഗങ്ങളെ നിയമിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) വൈദ്യുതി നിയമം 2003 84 (1) വകുപ്പ് പ്രകാരം കെ.എസ്.ഇ.ആർ.സി ചെയർമാനായും അംഗങ്ങളായും നിയമിക്കപ്പെടുന്നവർക്ക് ആവശ്യമായ അടിസ്ഥാന യോഗ്യത നിഷ്കർഷിച്ചിട്ടുണ്ട്. സെക്ഷൻ 85 (1) പ്രകാരം ഹൈക്കോടതി ജഡ്ജിയായിരുന്നയാൾ അധ്യക്ഷനായ സമിതിയാണ് ചെയർമാനെയും മെമ്പർമാരെയും നിയമിക്കുന്നതിന് വേണ്ടിയുള്ള പട്ടിക തയ്യാറാക്കുന്നത്. ഈ സമിതി ശുപാർശ ചെയ്യുന്ന പേരുകളിൽ നിന്നാണ് റഗുലേറ്ററി കമ്മീഷൻ ചെയർമാൻ, അംഗങ്ങൾ എന്നിവയിലേയ്ക്കുള്ള ഒഴിവുകൾ നികത്തുന്നത്. |
| (ബി) കെ.എസ്.ഇ.ആർ.സി. നിയന്ത്രിക്കുന്ന എത്ര ഇലക്ട്രിസിറ്റി ലൈസൻസികളാണ് കേരളത്തിൽ പ്രവർത്തിക്കുന്നത്; അവ ഏതെല്ലാമാണ്; | (ബി) പതിനൊന്ന്. കെ.എസ്.ഇ.ആർ.സി യുടെ നിയന്ത്രണത്തിലുള്ള വൈദ്യുതി വിതരണലൈസൻസികൾ താഴെ സൂചിപ്പിക്കുന്നവരാണ്.<br><br>1.കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ്<br>2.തൃശ്ശൂർ കോർപ്പറേഷൻ<br>3.കണ്ണൻ ദേവൻ ഹിൽസ് പ്ലാന്റേഷൻസ് കമ്പനി പ്രൈവറ്റ് ലിമിറ്റഡ്, മൂന്നാർ<br>4.ടെക്നോ പാർക്ക്, കഴക്കൂട്ടം, തിരുവനന്തപുരം<br>5.കൊച്ചിൻ സ്പെഷ്യൽ എക്കണോമിക്സ് സോൺ, കാക്കനാട്, കൊച്ചി<br>6. കിനസ്കോ പവ്വർ & യൂട്ടിലിറ്റീസ് പ്രൈവറ്റ് ലിമിറ്റഡ്, കൊച്ചി<br>7. റബ്ബർ പാർക്ക് ഇൻഡ്യാ പ്രൈവറ്റ് ലിമിറ്റഡ്, എറണാകുളം<br>8.കൊച്ചിൻ പോർട്ട് ട്രസ്റ്റ്, കൊച്ചി<br>9. ഇൻഫോപാർക്ക്, കൊച്ചി<br>10. സ്മാർട്ട് സിറ്റി കൊച്ചി ഇൻഫ്രാസ്ട്രക്ച്ചർ പ്രൈവറ്റ് ലിമിറ്റഡ്<br>11.കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ്, പാർക്ക് സെന്റർ, ടെക്നോപാർക്ക്. |
| (സി) കെ.എസ്.ഇ.ആർ.സി. അംഗങ്ങളായി ഇപ്പോൾ | (സി) കെ.എസ്.ഇ.ആർ.സിയിൽ ഇപ്പോൾ അംഗങ്ങളായി പ്രവർത്തിക്കുന്ന ശ്രീ. കെ. വിക്രമൻ നായരും, ശ്രീ.എസ്.വേണുഗോപാലും |

| | |
|---|---|
| പ്രവർത്തിക്കുന്നവരിൽ ആരെങ്കിലും ഏതെങ്കിലും ലൈസൻസികളിൽ ഔദ്യോഗിക സ്ഥാനം വഹിച്ചിരുന്നവരാണോ; ആണെങ്കിൽ അവരുടെ പേരുവിവരം, ലൈസൻസിയുടെ പേര് ഏതൊക്കെ കാലയളവിലാണ് ഔദ്യോഗിക സ്ഥാനങ്ങൾ വഹിച്ചിരുന്നത് വഹിച്ചിരുന്ന പദവികൾ ഏതൊക്കെയാണ് എന്നുള്ള വിവരങ്ങൾ വ്യക്തമാക്കാമോ; | കെ.എസ്.ഇ.ബി ലിമിറ്റഡിൽ ഔദ്യോഗിക സ്ഥാനം വഹിച്ചിട്ടുണ്ട്. ശ്രീ .എസ്. വേണുഗോപാൽ 01.11.2013 മുതൽ 18.04.2015 വരെ ഡയറക്ടർ(ഫിനാൻസ്)-ായും, ശ്രീ. കെ. വിക്രമൻ നായർ 05.09.2011 മുതൽ 26.06. 2013 വരെ ചീഫ് എൻജിനീയറായും, 27.06.2013 മുതൽ 30.11.2014 വരെ ഡയറക്ടർ (ട്രാൻസ്മിഷൻ & സിസ്റ്റം ഓപ്പറേഷൻ) -ായും കെ.എസ്.ഇ.ബി. ലിമിറ്റഡിൽ ഔദ്യോഗിക സ്ഥാനം വഹിച്ചിട്ടുണ്ട്. |
| (ഡി) ലൈസൻസികളിൽ ഔദ്യോഗിക സ്ഥാനം വഹിച്ചിരുന്നവരെ ഇലക്ട്രിസിറ്റി സപ്ലൈ ആക്ട് 2003 സെക്ഷൻ 85(5), സുപ്രീംകോടതി സി.എ.നം 7600/2012 നമ്പർ വിധിന്യായം എന്നിവ ലംഘിച്ച് മുൻസർക്കാർ കെ.എസ്.ഇ.ആർ.സി. യിൽ അംഗമായി നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത നിയമനം റദ്ദാക്കുവാനും പുതിയ അംഗങ്ങളെ നിയമിക്കാനുമുള്ള നടപടി സ്വീകരിക്കുമോ? | (ഡി) 05/12/2014 ലെ സ.ഉ(കൈ) 41/14/പി.ഡി പ്രകാരം ശ്രീ വിക്രമൻ നായരെയും, 04/04/2015 ലെ സ.ഉ(കൈ) 11/15/പി.ഡി പ്രകാരം ശ്രീ എസ്. വേണുഗോപാലിനെയും കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷനിൽ അംഗങ്ങളായി നിയമിച്ചിട്ടുണ്ട്. നിയമാനുസൃതം രൂപീകരിക്കപ്പെട്ട സെലക്ഷൻ കമ്മിറ്റികളുടെ പരിശോധനയുടെയും ശുപാർശയുടെയും അടിസ്ഥാനത്തിലാണ് നിയമനങ്ങൾ നടത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ